ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15.09.2024

## പ്രധാന വാർത്തകൾ

TIME : 12.50 PM

1. രാജ്യത്തെ ആറ് വന്ദേ ഭാരത് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി വിദൂര ദൃശ്യ സംവിധാനത്തിലൂടെ ഫ്ലാഗ് ഓഫ് ചെയ്യു.

   **Prime Minister Narendra Modi today flagged off six Vande Bharat trains through video conferencing.**

2. ഗൃഹാതുര സ്മരണകളുമായി മലയാളികൾ തിരുവോണത്തെ വരവേറ്റു. ഓണാശംസകൾ നേർന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടയുള്ള പ്രമുഖർ.

   **Keralites celebrate Thiruvonam today with nostalgic memories. President, Vice President, Prime Minister and other dignitaries extend warm wishes**

3. ദേശീയ സുരക്ഷാ വെല്ലുവിളികൾ ഫലപ്രദമായി നേരിടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah said that it was now incumbent to identify emerging national security challenges.**

4. ഡൽഹി മുഖ്യമന്ത്രി സ്ഥാനത്ത് നിന്ന് രാജിവക്കുമെന്ന് അരവിന്ദ് കെജ്രിവാൾ; രണ്ട് ദിവസത്തിനകം രാജി സമർപ്പിക്കുമെന്നും പ്രഖ്യാപനം.

   **Delhi Chief Minister Arvind Kejriwal has announced that he will resign from Chief Minister post after two days.**

5. ഏഷ്യൻ ചാമ്പ്യൻസ് ഹോക്കിയിൽ ഇന്ത്യ - ദക്ഷിണ കൊറിയ സെമി പോരാട്ടം നാളെ.

In Asian Champions Hockey, India will face South Korea in semi-final tomorrow.

******************************************************

# HEADLINE-1

## PM-VANDE BHARAT TRAINS EARLY

ഝാർഖണ്ഡിലെ ടാറ്റാനഗർ-പറ്റ്ന ഉൾപ്പടെ രാജ്യത്തെ ആറ് വന്ദേ ഭാരത് ട്രെയിനുകളുടെ ഫ്ളാഗ് ഓഫ് പ്രധാനമന്ത്രി നരേന്ദ്രമോദി വിദൂര ദൃശ്യ സംവിധാനത്തിലൂടെ നിർവഹിച്ചു. ജംഷെഡ്പൂരിൽ നടക്കാൻ നിശ്ചയിച്ചിരുന്ന പരിപാടിയിൽ പങ്കെടുക്കാനായി രാവിലെ പ്രധാനമന്ത്രി റാഞ്ചി വിമാനത്താവളത്തിൽ എത്തി. എന്നാൽ കനത്ത മഴയെ തുടർന്ന് വിദൂരദൃശ്യ സംവിധാനത്തിലൂടെ ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു. ജംഷെഡ്പൂർ, റാഞ്ചി ഉൾപ്പെടെയുള്ള ഇടങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് അതിശക്തമായ മഴക്കുള്ള ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിരിക്കുകയാണ്.

************************************

## PM- JHARKHAND (INTRO)

ആധുനിക അടിസ്ഥാനസൗകര്യങ്ങളും, വികസനവും ഏതാനും ചില നഗരങ്ങളിൽ മാത്രം ചുരുങ്ങിയിരുന്ന ഒരു കാലഘട്ടത്തിൽ നിന്ന്, "എല്ലാവരുടെയും ഒപ്പം, എല്ലാവരുടെയും വികസനം" എന്ന ദർശനം, ചിന്തകകൾക്കും മുൻഗണനകൾക്കും മാറ്റം വരുത്തിയെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഝാർഖണ്ഡിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്- പി എം)

പ്രധാൻ മന്ത്രി ആവാസ് യോജന - ഗ്രാമീണ പദ്ധതി ഗുണഭോക്താക്കൾക്കുള്ള ആദ്യ ഗഡു പ്രധാനമന്ത്രി വിതരണം ചെയ്തു. ദേവ്ഗഡ് ജില്ലയിലെ മധുപുർ ബൈപാസ് ലൈൻ, ഹസാരിബാഗ് ജില്ലയിലെ ടൌൺ കോച്ചിങ് ഡിപ്പോ എന്നിവയുടെ ശിലാ സ്ഥാപനവും അദ്ദേഹം നിർവഹിച്ചു.

**********************************

## PM- GUJ, ODISHA VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഗുജറാത്തിലെ ഗാന്ധിനഗറിൽ സൂര്യ ഘർ മുഫ്ത് ബിജിലി യോജന ഗുണഭോക്താക്കളുമായി സംവദിക്കും. നാലാമത് ആഗോള പുനരുപയോഗ ഊർജ്ജ നിക്ഷേപക സംഗമം, അഹമ്മദാബാദ് മെട്രോ റെയിൽ പദ്ധതി എന്നിവയുടെ ഉദ്ഘാടനവും അദ്ദേഹം ഗുജറാത്തിൽ നിർവഹിക്കും. ചൊവ്വാഴ്ച ഒഡിഷയിൽ എത്തുന്ന ശ്രീ മോദി ഭുവനേശ്വറിൽ 3800 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിക്കും.

**********************************

## VP-NAGPUR VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് നാഗ്പൂർ സന്ദർശിക്കും. രാംദേവ്ബാബ സർവകലാശാലയിലെ ഡിജിറ്റൽ ടവർ ഉദ്ഘാടനം ചെയ്യുന്നതിനാണ് അദ്ദേഹം നാഗ്പൂരിൽ എത്തുന്നത്. ഗവർണർ C.P. രാധാകൃഷ്ണൻ, മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ, ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

**********************************

## HEADLINE-4

## KHEJRIWAL- RESIGN

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ രാജി പ്രഖ്യാപിച്ചു. രണ്ട് ദിവസത്തിനുള്ളിൽ രാജി സമർപ്പിക്കുമെന്ന് അദ്ദേഹം ന്യൂ ഡൽഹിയിൽ അറിയിച്ചു. തെരഞ്ഞെടുപ്പിലേക്ക് പോകുമെന്ന സൂചനയും അദ്ദേഹം നൽകി. തന്റെ സത്യസന്ധതയിലുള്ള ജനങ്ങളുടെ വിശ്വാസം തെളിയിച്ച് തിരികെ വരുമെന്നും, അദ്ദേഹം പറഞ്ഞു. ഡൽഹി മദ്യ നയ അഴിമതി കേസിൽ സുപ്രീം കോടതി അദ്ദേഹത്തിന് കഴിഞ്ഞ ദിവസം ജാമ്യം അനുവദിച്ചിരുന്നു.

**********************************

## HEADLINE-3
## AMIT SHAH - NSS CONFERENCE

ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ദേശീയ അന്വേഷണ ഏജൻസിയും സംസ്ഥാനങ്ങളും തമ്മിലുള്ള സഹകരണവും ഏകോപനവും വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട് നടന്ന രണ്ടു ദിവസത്തെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അന്താരാഷ്ട്ര ഏജൻസികളുമായുള്ള സഹകരണം, ഭീകരവാദ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം തടയൽ തുടങ്ങി ഭീകരതയെ നേരിടുന്നതിനുള്ള പ്രവർത്തങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ആഭ്യന്തരമന്ത്രി നിർദ്ദേശിച്ചു. ദേശീയ സുരക്ഷാ വെല്ലുവിളികൾ തിരിച്ചറിയുകയും ഫലപ്രദമായി നേരിടുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി വ്യക്തമാക്കി.

**********************************

## HEADLINE-2
## ONAM

ഗൃഹാതുര സ്മരണകൾ ഉണർത്തി മലയാളികൾ തിരുവോണത്തെ വരവേറ്റു. ഓണക്കോടിയും പൂക്കളവും സദ്യവട്ടവുമായി ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഇത് പ്രതീക്ഷയുടെ ഓണം കൂടിയാണ്. അസുര ചക്രവർത്തിയായ മഹാബലി പ്രജകളെ കാണാൻ വരുന്ന ദിവസം എന്നതിനപ്പുറം വിശ്വമാനവികതയുടെയും ചേർത്തുപിടിക്കലിന്റെയും സന്ദേശമാണ് ഓരോ തിരുവോണവും. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ആഭിമുഖ്യത്തിലുള്ള ഓണാഘോഷം ഒഴുവാക്കിയിരുന്നു. തിരുവോണനാളിൽ കേരളത്തിലെ ക്ഷേത്രങ്ങളിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

***********************************

## HEADLINE-2A
## ONAM GREETINGS

ലോകമെമ്പാടുമുള്ള മലയാളികൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ ഓണാശസംകൾ നേർന്നു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും ആഘോഷിക്കാനുള്ള അവസരമാണ് ഓണമെന്ന് രാഷ്ട്രപതി പറഞ്ഞു. സമാധാനവും സമൃദ്ധിയും ക്ഷേമവും നിറഞ്ഞതാകട്ടെ ഓണമെന്ന് പ്രധാനമന്ത്രി ആശംസിച്ചു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങിയവരും ഓണാശംസകൾ നേർന്നു.

***********************************

## PM-ENGINEERS DAY

എഞ്ചിനീയേഴ്സ് ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പുരോഗതിയിലും

നവീകരണത്തിലും, വിവിധ മേഖലകളിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിലും എഞ്ചിനീയർമാരുടെ സംഭാവനകളെ സമൂഹമാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി ഊന്നി പറഞ്ഞു. വിഖ്യാത സാങ്കേതികവിദ്യാ വിദഗ്ധനായിരുന്ന സർ. എം. വിശ്വേശ്വരയ്യയുടെ ജന്മവാർഷിക ദിനമാണ് രാജ്യത്ത് എഞ്ചിനീയേഴ്സ് ദിനമായി ആചരിക്കുന്നത്.

**********************************

## INDIA- COAL PRODUCTION

പ്രതികൂല കാലാവസ്ഥയിലും നടപ്പ് സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ കൽക്കരി ഉത്പാദന രംഗം 5.85 ശതമാനം വളർച്ച കൈവരിച്ചു. സെപ്റ്റംബർ പന്ത്രണ്ട് വരെയുള്ള കണക്ക് അനുസരിച്ച് 411.62 ദശലക്ഷം ടൺ കൽക്കരി രാജ്യത്ത് ഉത്പാദിപ്പിച്ചു. 388.86 ദശലക്ഷം ടൺ ആയിരുന്നു കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിലെ ഉത്പാദനം. ഖനന മേഖലകളിൽ കനത്ത മഴയുൾപ്പെടെ തടസ്സങ്ങൾ നേരിട്ട പശ്ചാത്തലത്തിലും, വളർച്ച കൈവരിക്കാനായത് ശ്രദ്ധേയമാണ്.

**********************************

## GLOBAL BIO INDIA

'ഗ്ലോബൽ ബയോ-ഇന്ത്യ 2024' പരിപാടിക്ക് ഇന്നലെ സമാപനമായി. ബയോ ടെക്നോളജി മേഖലയിൽ ഇന്ത്യയുടെ വൈദഗ്ദ്ധ്യം പ്രകടമാക്കുന്നതായിരുന്നു മൂന്ന് ദിവസത്തെ പരിപാടി. ഈ രംഗത്തെ നൂതന ആശയങ്ങൾ, ജൈവ ഉത്പാദന സാധ്യതകൾ എന്നിവ സമ്മേളനത്തിൽ ചർച്ചയായി. രാജ്യത്തെ ബയോടെക് സ്റ്റാർട്ടപ്പുകളുടെ നേതൃത്വത്തിൽ വികസിപ്പിച്ച 11 ഉൽപ്പന്നങ്ങൾ അനാവരണം ചെയ്തു. ശാസ്ത്ര സാങ്കേതിക മന്ത്രാലയമാണ് ന്യൂ ഡൽഹിയിൽ സമ്മേളനം സംഘടിപ്പിച്ചത്.

**********************************

## MPOX - CONGO (INTRO)

**ആഫ്രിക്കൻ രാജ്യമായ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ എം പോക്സ് രോഗത്തിനെതിരെയുള്ള വാക്സിനേഷൻ യജ്ഞത്തിന് ഒക്ടോബർ രണ്ടിന് തുടക്കമാകും.**

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

*ആഫ്രിക്കയിൽ ഏറ്റവുമധികം എം പോക്സ് രോഗികളുള്ള രാജ്യമാണ് ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ. മൊത്തം രോഗബാധിതരിൽ 90 ശതമാനവും ഇവിടെയാണ്. വിവിധ അന്താരാഷ്ട്ര പങ്കാളികളിൽ നിന്ന് 2.65 ലക്ഷത്തിലധികം പ്രതിരോധ മരുന്ന് ഡോസുകൾ ലഭിച്ചതിനെ തുടർന്നാണ് വാക്സിനേഷൻ ആരംഭിക്കുന്നത്. അടുത്ത മാസം രണ്ടിന് ആരംഭിക്കുന്ന പ്രതിരോധ യജ്ഞത്തിന്റെ ആദ്യ ഘട്ടം 11 വരെ തുടരും. കുട്ടികൾക്കായി 3,000 ഡോസ് വാക്സിനുകൾ സംഭരിക്കുന്ന പ്രക്രിയയും പുരോഗമിക്കുന്നു. കോംഗോ ആരോഗ്യ മന്ത്രാലയത്തിന്റെ വിവരങ്ങൾ പ്രകാരം രാജ്യത്ത് എം പോക്സെന്ന് സംശയിക്കപ്പെടുന്ന 21,813 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 716 മരണങ്ങളും റിപ്പോർട്ട് ചെയ്തു. 'MVA -BN ' വാക്സിനെ ആദ്യ എം പോക്സ് വാക്സീനായി ലോകാരോഗ്യ സംഘടനയുടെ പ്രീക്വാളിഫിക്കേഷൻ പട്ടികയിൽ അടുത്തിടെ ഉൾപ്പെടുത്തിയിരുന്നു. ഇതിന് പിന്നാലെയാണ് ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ പ്രതിരോധ യജ്ഞം ആരംഭിക്കുന്നത്.*

*ന്യൂസ് ഡെസ്ക്, ആകാശവാണി*

**********************************

## HEADLINE-5
## ASIAN HOCKEY

ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി സെമി ഫൈനലിൽ ഇന്ത്യ നാളെ ദക്ഷിണ കൊറിയയെ നേരിടും. ഗ്രൂപ്പ് ഘട്ടത്തിൽ എല്ലാ കളിയും ജയിച്ചാണ് ഇന്ത്യ സെമിയിലെത്തിയത്. ഇന്നലെ നടന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ഇന്ത്യ പാകിസ്ഥാനെ പരാജയപ്പെടുത്തി.

**********************************

## ISL- BLASTERS

ISL ഫുട്ബോൾ 11-ാം സീസണിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ആദ്യ മത്സരം ഇന്ന്. പഞ്ചാബ് FC-യാണ് എതിരാളികൾ. കൊച്ചി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം.

**********************************

## NEERAJ CHOPRA - DIAMOND LEAGUE

ബ്രസൽസിൽ നടന്ന ഡയമണ്ട് ലീഗ് ജാവലിൻ ത്രോ ഫൈനലിൽ ഇന്ത്യൻ താരം നീരജ് ചോപ്രയ്ക്ക് രണ്ടാം സ്ഥാനം. 87.86 മീറ്റർ എറിഞ്ഞ നീരജിന് ഒരു സെന്റീമീറ്റർ വ്യത്യാസത്തിലാണ് ഒന്നാം സ്ഥാനം നഷ്ടമായത്. പാരിസ് ഒളിമ്പിക്സ് വെങ്കല മെഡൽ ജേതാവായ ആൻഡേഴ്സൺ പീറ്റേഴ്സാണ് ഒന്നാമതെത്തിയത്.

**********************************

## MEERUT BUILDING COLLAPSE

ഉത്തർപ്രദേശിലെ മീററ്റിൽ മൂന്ന് നില കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം 10 ആയി. ലോഹ്യ നഗർ മേഖലയിലെ സക്കീർ കോളനിയിൽ ആയിരുന്നു സംഭവം. 12 പേരെ അവശിഷ്ടങ്ങളിൽ നിന്ന് രക്ഷാപ്രവർത്തകർ

പുറത്തെടുത്തു. കനത്ത മഴ രക്ഷാപ്രവർത്തനത്തിന് തടസ്സം സൃഷ്ടിച്ചു.

***********************************

## MALAPPURAM - NIPAH

മലപ്പുറത്ത് വീണ്ടും നിപ മരണം സംഭവിച്ചതായി സംശയം. വണ്ടൂർ നടുവത്ത് യുവാവ് മരിച്ചത് നിപ ബാധിച്ചെന്നാണ് കരുതുന്നത്. ബെംഗുളുരുവിൽ പഠിക്കുന്ന വിദ്യാർഥി കഴിഞ്ഞ തിങ്കളാഴ്ചയാണ് പെരിന്തൽമണ്ണയിലെ സ്വകാര്യാശുപത്രിയിൽ മരിച്ചത്. കോഴിക്കോട് നടത്തിയ പരിശോധനയുടെ ഫലം പോസിറ്റീവാണ്. പുണെ വൈറോളജി ലാബിൽ നിന്നുള്ള ഫലം ലഭിച്ചാൽ മാത്രമെ നിപ സ്ഥിരീകരിക്കാൻ സാധിക്കൂ.

***********************************

## KERALA - WOMEN KILLED

കാസർഗോഡ് കാഞ്ഞങ്ങാട്ട് ട്രെയിനിടിച്ച് 3 പേർ മരണപ്പെട്ടു. വിവാഹ ചടങ്ങിൽ പങ്കെടുത്ത് മടങ്ങിയ 3 സ്ത്രീകളാണ് ഇന്നലെ രാത്രി ട്രെയിൻ തട്ടി മരിച്ചത്. കോട്ടയം ചിങ്ങവനം സ്വദേശികളാണ് മരിച്ച മൂന്ന് പേരും. കോട്ടയേത്തേക്ക് പോകാൻ രണ്ടാം നമ്പർ പ്ലാറ്റ് ഫോമിലേക്ക് നടന്ന് നീങ്ങവേ കാഞ്ഞങ്ങാട് സ്റ്റോപ്പില്ലാത്ത മറ്റൊരു ട്രെയിൻ ഇടിച്ച് വീഴ്ത്തുകയായിരുന്നു.

***********************************

## CHINA- TYPHOON BEBINCA

ചൈനയിൽ ബെബിങ്ക ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഷാങ്ഹായി ഉൾപ്പെടെയുള്ള പ്രവിശ്യകളിൽ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും

നദികളിലെ ജലനിരപ്പ് ഉയരുമെന്നും ചൈനയുടെ ജലവിഭവ മന്ത്രാലയം മുന്നറിയിപ്പ് നൽകി.

*

*******************

*********************************************